## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4459** **20.10.2011-ൽ മറുപടിയ്ക്ക്**

### വിവരാവകാശ നിയമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി**<br>**ശ്രീ. എൻ. ഷംസുദ്ദീൻ**<br>**ശ്രീ. സി. മോയിൻകുട്ടി**<br>**ശ്രീ. പി.കെ. ബഷീർ** | | **ശ്രീ. ഉമ്മൻചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) | 2005-ലെ വിവരാവകാശ നിയമത്തിന്റെ നടപ്പാക്കൽ അവലോകനം ചെയ്യാറുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദ വിവരം നൽകാമോ ; | (എ) | ഉണ്ട്. സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ഫുൾകമ്മീഷൻ യോഗം എല്ലാ മാസങ്ങളിലും കൂടുകയും കമ്മീഷൻ പ്രവർത്തനം അവലോകനം ചെയ്യുകയും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. വിവരാവകാശ നിയമത്തിന്റെ കേരള സംസ്ഥാനത്തെ നടപ്പാക്കൽ സംബന്ധിച്ച് റിപ്പോർട്ട് സംസ്ഥാന വിവരാവകാശ കമ്മീഷന്റെ വാർഷിക റിപ്പോർട്ടിൽ ലഭ്യമാണ്. 2009-2010 വരെയുള്ള റിപ്പോർട്ട് ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമത്തിന്റെ പ്രയോജനം സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിൽ അനാവശ്യ കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) | നിയമപ്രകാരം നൽകുന്ന ഒന്നാം അപ്പീലും രണ്ടാം അപ്പീലും തീർപ്പാക്കാൻ കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ അതെത്രയാണെന്ന് വെളിപ്പെടുത്തുമോ ; | (സി) | ഒന്നാം അപ്പീൽ 30 ദിവസങ്ങൾക്കകവും, ഒഴിവാ ക്കാനാവാത്ത സാഹചര്യത്തിൽ 45 ദിവസങ്ങൾക്കകവും തീർപ്പാക്കണം. ആദ്യ അപ്പീൽ തീരുമാനത്തിനെതിരെ 90 ദിവസത്തിനുള്ളിൽ രണ്ടാം അപ്പീൽ സംസ്ഥാന വിവരാവകാശ കമ്മീഷന് സമർപ്പിക്കണം. രണ്ടാം അപ്പീൽ തീർപ്പാക്കാൻ കാലപരിധി നിശ്ചയിച്ചിട്ടില്ല.<br><br>(.....2) |

| | | | |
|---|---|---|---|
| (ഡി) | ചട്ടലംഘനം നടത്തുന്നവർക്കെതിരെ നിയമത്തിൽ അനുശാസിച്ചിട്ടുള്ള ശിക്ഷണ നടപടി നടപ്പാക്കാൻ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ അതിന് സമയപരിധി നിശ്ചയിച്ച് നിയമ നടത്തിപ്പ് വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ ; | (ഡി) | സമയപരിധി നിശ്ചയിച്ചിട്ടില്ല. കേന്ദ്ര നിയമമായ വിവരാവകാശ നിയമത്തിൽ മാറ്റം വരുത്താൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. |
| (ഇ) | കമ്മീഷന്റെ തീർപ്പിലെ നിർദ്ദേശം ധിക്കരിക്കുന്ന ഉദ്യോഗസ്ഥർക്കും സ്ഥാപനങ്ങൾക്കുമെതിരെ സ്വീകരിച്ചു വരുന്ന നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ; ഇക്കാര്യത്തിൽ കമ്മീഷൻ നിലവിൽ വന്ന ശേഷം നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ഇ) | കമ്മീഷന്റെ തീർപ്പിലെ നിർദ്ദേശം ധിക്കരിക്കുന്ന ഉദ്യോഗസ്ഥർക്ക് പിഴ ചുമത്തുന്നത് കൂടാതെ മറ്റു ശിക്ഷണ നടപടികൾക്കും ശുപാർശ ചെയ്യുന്നുണ്ട്. വിവരാവകാശ നിയമ പ്രകാരം സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കുവാൻ കഴിയുകയില്ല. |
| (എഫ്) | നീതി നടത്തിപ്പ് സമയ ബന്ധിതമാക്കാൻ ആവശ്യമെങ്കിൽ നടപടി ക്രമങ്ങളിൽ കാലാനുസൃത മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ ? | (എഫ്) | നടപടി ക്രമങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.<br><br>സെക്ഷൻ ഓഫീസർ |